**പതിനാലാം കേരള നിയമസഭ**

**പതിനെട്ടാം സമ്മേളനം**

| **നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1649** | | **10.02.2020-ൽ മറുപടിയ്ക്ക്** | |
|---|---|---|---|
| **ഇറച്ചി മാലിന്യ സംസ്കരണ കമ്പനിക്ക് എതിരെ കേസ്സ്** | | | |
| **ചോദ്യം** | | **ഉത്തരം** | |
| **ശ്രീ.എം. വിൻസെന്റ്** | | **എ.സി.മൊയ്തീൻ<br>തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി** | |
| (എ) | തലസ്ഥാന നഗരിയിലെ കോഴി ഇറച്ചി കടകളിൽ നിന്നും മാലിന്യം ശേഖരിക്കുന്നതിന് തിരുവനന്തപുരം കോർപ്പറേഷൻ കരാർ നൽകിയിട്ടുണ്ടോ; | (എ) | ഉണ്ട് |
| (ബി) | എങ്കിൽ അത് ഏത് കമ്പനിക്കെന്നും കരാർ തുക എത്രയെന്നും പ്രസ്തുത സ്വകാര്യ കമ്പനിയെ എപ്രകാരമാണ് തെരഞ്ഞെടുത്തതെന്നും വ്യക്തമാക്കുമോ; | (ബി) | എവർ ഗ്രീൻ കംപോസ്റ്റ്, വെട്ടിക്കവല, കൊട്ടാരക്കര. കിലോഗ്രാമിന് ഏഴ് രൂപ നിരക്കിൽ പൈലറ്റ് അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്നതിനാണ് അനുമതി നൽകിയിട്ടുള്ളത്. |
| (സി) | പ്രസ്തുത കമ്പനിക്ക് ഇറച്ചി മാലിന്യം സംസ്കരിക്കുന്നതിന് നിലവിൽ സംവിധാനമുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ; | (സി), (ഡി) & (ഇ) | തിരുവനന്തപുരം കോർപ്പറേഷനാണ് പ്രസ്തുത കമ്പനിയെ തെരഞ്ഞെടുത്തിട്ടുള്ളത്. കമ്പനിക്ക് ഇറച്ചി മാലിന്യം സംസ്കരിക്കുന്നതിന് നിലവിൽ സംവിധാനം ഉണ്ടോയെന്നും മറ്റുമുള്ള വിഷയങ്ങൾ സർക്കാർ പരിശോധിക്കുന്നതാണ്. |
| (ഡി) | മാലിന്യം വഴിയിൽ തള്ളിയതിന് പ്രസ്തുത കമ്പനിക്കെതിരെ ശാസ്താംകോട്ട പോലീസ് കേസെടുത്ത കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | | |
| (ഇ) | ശേഖരിക്കുന്ന മാലിന്യം വഴിയിൽ തള്ളാതെ കമ്പനി ശാസ്ത്രീയമായി സംസ്കരിക്കുന്നുവെന്ന് ഉറപ്പ് വരുത്തുന്നതിന് സംവിധാനം ഏർപ്പെടുത്തുമോ എന്നറിയിക്കാമോ? | | |

സെക്ഷൻ ഓഫീസർ